(ബി) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്താമോ;

(സി) ഈ പരീക്ഷയ്ക്ക് കാൽക്കുലേറ്റർ ഉപയോഗിക്കാൻ പാടില്ലെന്ന പി. എസ്. സി. നിബന്ധനയ്ക്ക് വിരുദ്ധമായി പല പരീക്ഷാകേന്ദ്രങ്ങളിലും കാൽക്കുലേറ്റർ ഉപയോഗിച്ചതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) അപാകതകളുണ്ടെങ്കിൽ പരിഹരിച്ച് സെലക്ട് ലിസ്റ്റ് എത്രയും പെട്ടെന്ന് പ്രസിദ്ധപ്പെടുത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) .. (ഡി) പി. എസ്. സി.-യിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

മോട്ടോർ മെക്കാനിക് നിയമനം

87 [37] *ശ്രീ. കെ. എ. ചന്ദ്രൻ:*
,, *എ. കെ. മണി:*
,, *കെ. ബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 മേയ് 6-ാം തീയതി ഭൂഗർഭജല വകുപ്പിലേക്ക് മോട്ടോർ മെക്കാനിക്കായി നിയമിക്കപ്പെടുന്നതിന് എഴുത്തു പരീക്ഷ നടത്തുകയുണ്ടായോ;

(ബി) പ്രസ്തുത പരീക്ഷയുടെ 12-ാം നമ്പർ ചോദ്യം സംസ്ഥാനത്തെ സാംസ്കാരിക വകുപ്പുമന്ത്രി ആരായിരുന്നു എന്നായിരുന്നുവോ;

(സി) ആ ചോദ്യത്തിനെതിരെ കൊടുത്തിരുന്ന ഉത്തരം ഏതെല്ലാമായിരുന്നു;

(ഡി) പരീക്ഷ നടക്കുന്ന ദിവസം സംസ്ഥാനത്തെ സാംസ്കാരിക വകുപ്പുമന്ത്രി ആരായിരുന്നു;

(ഇ) പ്രസ്തുത ചോദ്യത്തിനെതിരെ ഉത്തരമായി കൊടുത്ത പേരുകളിലൊന്നായ എം. എം. ഹർഷൻ എന്ന പേരിൽ ഒരു മന്ത്രിയുണ്ടായിരുന്നോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) നടത്തുകയുണ്ടായി.

(ബി) ആയിരുന്നു.

(സി) പ്രസ്തുത ചോദ്യത്തിന്

(A) G. Karthikeyan
(B) M. M. Harsan
(C) Kadavoor Sivadasan
(D) P. Sankaran

എന്നീ 4 ചോയിസുകളായിരുന്നു ഉത്തരങ്ങളായി നൽകിയിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ശ്രീ. എ. പി. അനിൽകുമാർ.

(ഇ) എം. എം. ഹർഷൻ എന്ന പേരിൽ ഒരു മന്ത്രി ഉണ്ടായിരുന്നില്ല.

വൊക്കേഷണൽ ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമന പരീക്ഷ

88 [38] *ശ്രീ. എ. എൻ. രാജൻ ബാബു:*
,, *കെ. കെ. ഷാജു:*
,, *ഉമേഷ് ചള്ളിയിൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 20 വർഷക്കാലമായി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ സ്ഥിരാദ്ധ്യാപകൻ ഇല്ലാതിരുന്നത് പരിഹരിക്കുന്നതിന് പി.എസ്.സി. വഴി നോട്ടിഫൈ ചെയ്ത വൊക്കേഷണൽ-നോൺ വൊക്കേഷണൽ അദ്ധ്യാപകരുടെ നിയമന പരീക്ഷ എന്നത്തേക്ക് നടത്തുമെന്ന് വ്യക്തമാക്കുമോ;

(ബി) വൊക്കേഷണൽ-നോൺ വൊക്കേഷണൽ അദ്ധ്യാപക നിയമനത്തിനുള്ള കാലതാമസത്തിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) വൊക്കേഷണൽ-നോൺ വൊക്കേഷണൽ തസ്തികകളിലെ നിയമനത്തിനായി പി.എസ്.സി-ക്ക് ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരികയാണ്. പരീക്ഷാ തീയതി പി.എസ്.സി. തീരുമാനിച്ചിട്ടില്ല.

(ബി) സ്പെഷ്യൽ റൂൾസ് ഇല്ലാതിരുന്നതുകൊണ്ടാണ് ഗവൺമെന്റ് വി.എച്ച്.എസ്. സ്കൂളുകളിലെ അദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾക്ക് കാലതാമസം നേരിട്ടത്.

കല്ലിയൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഡോക്ടർമാരേയും മെഡിക്കൽ ജീവനക്കാരേയും നിയമിക്കാൻ നടപടി

89 [42] *ഡോ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ബഹുജന സമ്പർക്ക പരിപാടിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലാ കളക്ട്രേറ്റിൽ സംഘടിപ്പിച്ച പരിപാടിയിൽ വച്ച്, കല്ലിയൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ആവശ്യത്തിനുള്ള ഡോക്ടർമാരേയും മെഡിക്കൽ ജീവനക്കാരേയും നിയമിക്കണമെന്നാവശ്യപ്പെട്ട് ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ എന്ത് ഉത്തരവാണ് മുഖ്യമന്ത്രി പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly